# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2898 — 19.06.14 ൽ - മറുപടിക്ക്

## ഭക്ഷ്യ വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, സണ്ണി ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി സംസ്ഥാന/ ജില്ലാ/ താലൂക്ക് / മുനിസിപ്പാലിറ്റി / പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിച്ചുവരുന്നു. റേഷൻ സാധനങ്ങളുടെ പൂഴ്ത്തിവയ്പ്പ്, മറിച്ചുവിൽപ്പന, കരിഞ്ചന്തയിലെ വിൽപ്പന മുതലായവ തടയുക, സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക, പരാതികൾ പരിഹരിക്കുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനത്തെ നിരീക്ഷിക്കുക മുതലായവയൊക്കെ ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽപെടുന്നു. |
| (സി) എല്ലാ പഞ്ചായത്തുകളിലും ഇവ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർ കൺവീനറുമായാണ് പഞ്ചായത്ത് തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. രണ്ട് മാസത്തിലൊരിക്കൽ സമിതി യോഗം ചേരേണ്ടതുണ്ട്. |
| (ഡി) ഇവയുടെ പ്രവർത്തനം വിലയിരുത്താൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) പൊതുവിതരണ വകുപ്പ് മന്ത്രി ചെയർമാനായും വകുപ്പ് സെക്രട്ടറി കൺവീനറായും, സംസ്ഥാന നിയമസഭാ സാമാജികർ, ഉപഭോക്തൃസംഘടനാ പ്രവർത്തകർ, രാഷ്ട്രീയ കക്ഷികളിലെ പ്രതിനിധികൾ, എന്നിവർ ഉൾപ്പെട്ട ഒരു ഭക്ഷ്യോപദേശക സമിതി സംസ്ഥാന തലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ / താലൂക്ക് / പഞ്ചായത്ത്/മുനിസിപ്പാലിറ്റിതല സമിതികൾ യോഗം ചേരുന്നുണ്ടോയെന്ന് ജില്ലാ/താലൂക്ക് സപ്ലൈ ആഫീസർമാരുടെ മീറ്റിംഗിൽ അവലോകനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ